378/est/19

**വളരെ അടിയന്തിരം**

ഭരണഭാഷ-മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.kerala.gov.in

**നം: ഡിബി3-5068/2017/സി.ഇ/തസ്വഭവ** **തീയതി: 18.01.2019**

# സർക്കുലർ

വിഷയം:- തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - 2018-19 വാർഷിക പദ്ധതി - ടെണ്ടർ സേവിംഗ്സിന്റെ വിവരങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച് -

**പ്ലാൻ, മെയിന്റനൻസ്** എന്നീ ഫണ്ടുകൾ വിനിയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്ന 2018-19 സാമ്പത്തിക വർഷത്തെ പദ്ധതികളുടെ ടെണ്ടർ സേവിംഗ്സിന്റെ വിവരങ്ങൾ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനായി നിർദ്ദേശിച്ചിരിക്കുകയാണ്.

ടി വിവരങ്ങൾ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ഈ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലെ www.celsgd.kerala.gov.in 'Proforma' പേജിൽ പ്രസിദ്ധീകരിച്ചിട്ടുള്ള **P-1038-ൽ 22.01.2019-ാം തീയതി 3.00 PM-ന് മുൻപായി സമർപ്പിക്കേണ്ടതാണ്.** കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുമുള്ള വിവരങ്ങൾ ടി കാര്യാലയത്തിൽ നിന്നുതന്നെ നേരിട്ട് സമർപ്പിക്കേണ്ടതാണ്, എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ അതാത് ബ്ലോക്ക്പഞ്ചായത്തുകൾ ശേഖരിച്ച് ക്രോഡീകരിച്ച് ടി പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്. ടി പ്രൊഫോർമയിൽ തുകകൾ രേഖപ്പെടുത്തേണ്ടത് ലക്ഷത്തിൽ തന്നെയായിരിക്കണം. ബ്ലോക്ക്പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള വിവരങ്ങൾ സമയബന്ധിതമായി ടി പ്രൊഫോർമയിൽ രേഖപ്പെടുത്തുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് അതാത് ജില്ലാപഞ്ചായത്തുകളെ ചുമതലപ്പെടുത്തുന്നു. മുനിസിപ്പാലിറ്റികളിൽ നിന്നുമുള്ള വിവരങ്ങൾ സമയബന്ധിതമായി ടി പ്രൊഫോർമയിൽ രേഖപ്പെടുത്തുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് അതാത് മേഖലാ കാര്യാലയങ്ങളെയും ചുമതലപ്പെടുത്തുന്നു.

**ചീഫ് എഞ്ചിനീയർ-ഇൻ-ചാർജ്ജ്**